**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2465** **30-09-2025 - ൽ മറുപടിയ്ക്ക്**

**മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പുത്തൂർ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തി റദ്ദാക്കി കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ പുത്തൂർ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ടി പ്രവൃത്തി റദ്ദാക്കിയും, പ്രസ്തുത പ്രവൃത്തിയ്ക്ക് പകരമായി കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്ന പ്രവൃത്തിയാക്കി ഭേദഗതി വരുത്തിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ബി) | തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പിൽ നിന്നും 23-10-2024-ലെ 2023/2024/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം അനുമതി നൽകിയ പ്രസ്തുത പ്രവൃത്തി നാളിതുവരെയും ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ രീതിയിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ്, ചീഫ് എഞ്ചിനീയറുടെ കത്ത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് സഹിതം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇക്കാര്യം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച 10-04-2025-ലെ കെ.എൻ.ആർ./136/2025-എഫ്2 നമ്പർ കത്തിന്മേൽ അഞ്ച് മാസമായിട്ടും തീരുമാനങ്ങളെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ രീതിയിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ്, ചീഫ് എഞ്ചിനീയറുടെ കത്ത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് സഹിതം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇക്കാര്യം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആയത് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ രീതിയിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ്, ചീഫ് എഞ്ചിനീയറുടെ കത്ത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് സഹിതം സർക്കാരിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടുണ്ട്. ഇക്കാര്യം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ